# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 12-07-2016- ൽ

നം: 1167 മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉണ്ണി | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | ന്യൂനപക്ഷ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) | **2016-17 സാമ്പത്തിക വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**<br>1. പാലോളി കമ്മിറ്റി ശുപാർശകൾ പൂർണ്ണമായി നടപ്പാക്കും.<br>2. വഖഫ് ബോർഡിനും ഹജ് കമ്മിറ്റിക്കുമുള്ള ഗ്രാന്റ് വർദ്ധിപ്പിക്കും.<br>3. സർവേയിലൂടെ വഖഫ് സ്വത്തുകൾ തിട്ടപ്പെടുത്തും. അന്യാധീനപ്പെട്ട വഖഫ് സ്വത്തുകൾ തിരിച്ചുപിടിക്കും.<br>4. വഖഫ് സ്വത്തുകൾ വരുമാനദായകമായ രീതിയിൽ വിനിയോഗിക്കും.<br>5. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള ഇ--- -സാക്ഷരത, കമ്പ്യൂട്ടർ പരിശീലനം എന്നിവയ്ക്ക് മുന്തിയ പരിഗണന നല്കും.<br>6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ബഹുമുഖ വികസന പദ്ധതി. (എം.എസ്.ഡി.പി)തുടരും<br>7. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി തുടരും<br>8. ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹ ബന്ധം വേർപെടുത്തിയവർക്കുമുള്ള ഭവന പദ്ധതി ഊർജ്ജിതപ്പെടുത്തും.<br>9. ദ്വിവൽസര ഐ.ടി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ റീ- ഇംബേഴ്സ്മെന്റ് സ്കീം<br>10. ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി<br>11. സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് കോഴ്സുകൾ പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതി<br>12. പരമ്പരാഗത കലാകാരന്മാർ/ കരകൗശല പണിക്കാരുടെ വികസനത്തിനുള്ള പരിശീലനവും നൈപുണ്യ വികസനവും<br>13. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി. |
| ബി) | 1-7-2006 മുതൽ 31-3-2011 വരെയും 1-7-2011 മുതൽ 31-3-2016 വരെയും ഇതിനായി എത്ര തുക ചെലവഴിച്ചു എന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ? | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ചോദ്യ നമ്പർ | ഉത്തരം |
|---|---|
| ബി | 01.01.2011 -ലാണ് (സ.ഉ.(പി) 2/2011, തീയതി: 01.01.2011) ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകൃതമായിട്ടുള്ളത്. പ്രസ്തുത കാലയളവിന് ശേഷം ഇതുവരെ ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും ചെലവഴിച്ചതുകയും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**<u>2010-11 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**<br><br>**2010-11** സാമ്പത്തിക വർഷത്തിൽ തീരദേശ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായുള്ള ആരോഗ്യ ശുചിത്വ സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി **6,62,54,307/-** രൂപ ചെലവഴിച്ചി ട്ടുണ്ട് (ബഡ്ജറ്റിൽ വകയിരുത്തിയ തുക - **7,23,20,599/-**)<br><br>**<u>2011-12 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**<br><br>1. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ബഹുമുഖ വികസന പദ്ധതി. (എം.എസ്.ഡി.പി) നിർവ്വഹണവുമായി ബന്ധപ്പെട്ട് **1937.90 ലക്ഷം** ചെലവഴിച്ചു.<br>2. 2011-12 വർഷത്തിൽ നിർദ്ധനരായ 7599 വിദ്യാർത്ഥികൾക്ക് സൗജന്യ പഠനമേശയുടെയും കസേരയുടെയും വിതരണത്തിന് **2,81,15,856/- രൂപ** വിനിയോഗിച്ചു.<br>3. കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന സി.എച്ച്.മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് & ഹോസ്റ്റൽ സ്റ്റൈപ്പന്റ് (തുടർ പദ്ധതി) 2011-12 സാമ്പത്തിക വർഷത്തിൽ ഫ്രഷ്, റിന്യൂവൽ വിഭാഗങ്ങളിലെ **9931** വിദ്യാർത്ഥിനികൾക്ക് **6,64,50,366/-** രൂപ വിനിയോഗിച്ചു.<br><br>**<u>2012-13 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**<br><br>1. 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്താകെ 46 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് വിവിധ സംരംഭങ്ങൾക്കായി 72,25,003 രൂപ ധനസഹായം അനുവദിച്ചു.<br>2. 2012-13 സാമ്പത്തിക വർഷം സംഘടിപ്പിച്ച ദ്വിദിന വ്യക്തിത്വ വികസന ക്യാമ്പിനായി **33,31,143 /-** രൂപ ചെലവഴിച്ചി ട്ടുണ്ട്<br>3. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ബഹുമുഖ വികസന പദ്ധതി. (എം.എസ്.ഡി.പി) നിർവ്വഹണവുമായി ബന്ധപ്പെട്ട് **37.462 ലക്ഷം** ചെലവഴിച്ചു.<br>4. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ കാപ്പിറ്റലിനു വേണ്ടി **80 ലക്ഷം രൂപ** അനുവദിച്ചിട്ടുണ്ട്<br>5. സി.എച്ച്.മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് & ഹോസ്റ്റൽ സ്റ്റൈപ്പന്റ് (തുടർ പദ്ധതി) 2012-13 സാമ്പത്തിക വർഷത്തിൽ ഫ്രഷ്, റിന്യൂവൽ വിഭാഗങ്ങളിലെ 9138 വിദ്യാർത്ഥിനികൾക്ക് **5,97,01,507/-** രൂപ വിനിയോഗിച്ചു.<br><br>**<u>2013-14 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**<br><br>1. ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹ ബന്ധം വേർപെടുത്തിയവർക്കുമുള്ള ഭവന പദ്ധതി (ആകെ 950 വീടുകൾ, വീടൊന്നിന് 2 ലക്ഷം രൂപ) 1900 ലക്ഷം രൂപ ചെലവഴിച്ചു.<br>2. ദ്വിവത്സര ഐ.ടി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ റീ- ഇംബേഴ്സ്മെന്റ് സ്കീം (752 പേർക്ക്) 100 ലക്ഷം രൂപ ചെലവഴിച്ചു.<br>3. ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതിക്കായി (11387 |

പേർക്ക്) 20 ലക്ഷം രൂപ ചെലവഴിച്ചു.

4. സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് കോഴ്സുകൾ പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പിനായി സംസ്ഥാനതലത്തിൽ **19.98 ലക്ഷം രൂപ** ചെലവഴിച്ചു.

6. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പിന് വേണ്ടി **2.45613 ലക്ഷം** രൂപ ചെലവഴിച്ചു.

7. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ 16 ചെറുകിട കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് **400 ലക്ഷം രൂപ** അനുവദിച്ചു. കേരള വാട്ടർ അതോറിറ്റി മുഖാന്തിരം **പദ്ധതി** നടപ്പിലാക്കി വരുന്നു.

8. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ കാപ്പിറ്റലിനു വേണ്ടി **840 ലക്ഷം രൂപ** അനുവദിച്ചിട്ടുണ്ട്.

9. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ബഹുമുഖ വികസന പദ്ധതി. (എം.എസ്.ഡി.പി) നിർവ്വഹണവുമായി ബന്ധപ്പെട്ട് **1532.51 ലക്ഷം** ചെലവഴിച്ചു.

10. സി.എച്ച്.മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് & ഹോസ്റ്റൽ സ്റ്റൈപ്പന്റ് (തുടർ പദ്ധതി) 2013-14 സാമ്പത്തിക വർഷത്തിൽ ഫ്രഷ്, റിന്യൂവൽ വിഭാഗങ്ങളിലെ **11,735** വിദ്യാർത്ഥിനികൾക്ക് **7,66,69,000/-** രൂപ വിനിയോഗിച്ചു.

## 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹ ബന്ധം വേർപെടുത്തിയവർക്കുമുള്ള ഭവന പദ്ധതി (ആകെ 950 വീടുകൾ, വീടൊന്നിന് 2 ലക്ഷം രൂപ) **998** ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി (30750 പേർക്ക്) 50 **ലക്ഷം** രൂപ ചെലവഴിച്ചു.

സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് കോഴ്സുകൾ പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പിനായി സംസ്ഥാനതലത്തിൽ **49.98 ലക്ഷം രൂപ** ചെലവഴിച്ചു.

ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പിന് വേണ്ടി **24,04,641/ ലക്ഷം രൂപ** ചെലവഴിച്ചു.

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ 42 ചെറുകിട കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് 300 **ലക്ഷം രൂപ** അനുവദിച്ചു. കേരള വാട്ടർ അതോറിറ്റി മുഖാന്തിരം നടപ്പിലാക്കി വരുന്നു.

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ കാപ്പിറ്റലിനുവേണ്ടി **1000 ലക്ഷം രൂപ** അനുവദിച്ചിട്ടുണ്ട്.

ദ്വിവൽസര ഐ.ടി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ റീ- ഇംബേഴ്സ്മെന്റ് സ്കീം (800 പേർക്ക്), സംസ്ഥാനത്താകെ 80 ലക്ഷം രൂപ വിനിയോഗിച്ചു.

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ബഹുമുഖ വികസന പദ്ധതി. (എം.എസ്.ഡി.പി.) നിർവ്വഹണവുമായി ബന്ധപ്പെട്ട് **43.95/- ലക്ഷം രൂപ** ചെലവഴിച്ചു.

സി.എച്ച്.മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് & ഹോസ്റ്റൽ സ്റ്റൈപ്പന്റ് (തുടർ പദ്ധതി) 2014-15 സാമ്പത്തിക വർഷത്തിൽ ഫ്രഷ്, റിന്യൂവൽ വിഭാഗങ്ങളിലെ **10,731** വിദ്യാർത്ഥിനികൾക്ക് **6,41,07,000/-** രൂപ വിനിയോഗിച്ചു.

സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്ന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് 'സ്കോളർഷിപ്പ് & സ്റ്റൈപ്പന്റ് (NP)' എന്ന ശീർഷകത്തിൽ നിന്ന് **7.97** ലക്ഷം രൂപ

വിനിയോഗിച്ചു.

## <u>2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

1. ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹ ബന്ധം വേർപെടുത്തിയവർക്കുമുള്ള ഭവന പദ്ധതി (ആകെ 998 വീടുകൾ, വീടൊന്നിന് 2.5 ലക്ഷം രൂപ) ഒന്നാം ഘട്ടമായി അനുവദിച്ച 798 വീടുകൾക്ക് 2500 ലക്ഷം രൂപ ചെലവഴിച്ചു.
2. ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി 100 ലക്ഷം രൂപ ചെലവഴിച്ചു.
3. സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ് 112.56 ലക്ഷം രൂപ ചെലവഴിച്ചു.
4. സ്വകാര്യ ഐ.റ്റി.സി-ൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ഫീറീഇംബേഴ്മെന്റ് സ്കീം പദ്ധതിക്കായി 200 ലക്ഷം രൂപ ചെലവഴിച്ചു.
5. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി ക്കായി 973.26 ലക്ഷം രൂപ ചെലവഴിച്ചു.
6. ഹ്രസ്വകാല ഗവേഷണത്തിനുള്ള ഫെല്ലോഷിപ്പ് പദ്ധതിക്കായി 17.03 ലക്ഷം രൂപ ചെലവഴിച്ചു.
7. ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി) പദ്ധതിക്കായി 3366.28 ലക്ഷം രൂപ ചെലവഴിച്ചു.
8. സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ-കോർപ്പറേഷൻ 1500 ലക്ഷം രൂപ ചെലവഴിച്ചു.
9. പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാ പഠന കേന്ദ്രം കെട്ടിട നിർമ്മാണത്തിനുള്ള ധനസഹായ പദ്ധതിക്ക് 60 ലക്ഷം രൂപ ചെലവഴിച്ചു.

**സെക്ഷൻ ഓഫീസർ**